# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം 89 — 11.06.2014 ലെ മറുപടിക്ക്

### ടൂറിസം വരുമാനം വർദ്ധിപ്പിക്കാൻ കർമ്മപദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. എ. മാധവൻ<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. കെ. മുരളീധരൻ | **ശ്രീ. എ.പി.അനിൽകുമാർ (ബഹു.പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)** |
| എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ടൂറിസം വഴിയുള്ള വരുമാനം വർദ്ധിപ്പിക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ ; | എ) ഈ സർക്കാർ അധികാരമേറ്റ ശേഷം തദ്ദേശ - വിദേശ ടൂറിസ്റ്റുകളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.<br>• അന്താരാഷ്ട്ര വിനോദസഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനായി അന്താരാഷ്ട്ര ടൂറിസം വ്യാപാരമേളകളിലും, റോഡ് ഷോകളിലും പങ്കെടുക്കുന്നു.<br>• ആഭ്യന്തര വിനോദ സഞ്ചാരം പരിപോഷിപ്പിക്കുന്നതിനായി ദേശീയ ടൂറിസം വ്യാപാര മേളകളിലും, റോഡ് ഷോകളിലും പങ്കെടുക്കുന്നു.<br>• കേരളത്തിന് പുറത്തുള്ള പ്രധാനപ്പെട്ട മാളുകളിൽ മാൾബ്രാന്റിംഗ്, എയർപോർട്ടുകളിൽ എയർ പോർട്ട് ഡിസ്പ്ലേ, മിഡിൽ ഈസ്റ്റ് രാജ്യങ്ങളിൽ കാമ്പയിൻ, കേരളത്തിന്റെ ടൂറിസം ഉൽപ്പന്നങ്ങൾ ലോകമെമ്പാടും പ്രചരിപ്പിക്കുന്നതിനുള്ള നടപടികൾ.<br>• സംസ്ഥാന പ്രാദേശിക തലങ്ങളിൽ ഓണം വാരാഘോഷം, ഉത്സവം, നിശാഗന്ധി നൃത്തോത്സവം എന്നിവ സംഘടിപ്പിക്കുന്നു.<br>• മൺസൂൺ കാമ്പയിൻ, ആയുർവേദ കാമ്പയിൻ, ബാക്ക്വാട്ടർ കാമ്പയിൻ, നാഷണൽ & ഇന്റർനാഷണൽ ബ്രാന്റ് കാമ്പയിൻ, ബേക്കൽ കാമ്പയിൻ ദൃശ്യ-ശ്രാവ്യ-മാധ്യമങ്ങൾ, കമ്പ്യൂട്ടർ, ഇന്റർനെറ്റ്, ഫേസ്ബുക്ക് എന്നിവ വഴി നടപ്പാക്കുന്നു.<br>• വിവിധ ദൃശ്യ-ശ്രാവ്യ അച്ചടി മാധ്യമങ്ങൾ, കമ്പ്യൂട്ടർ, ഇന്റർനെറ്റ്, ഫേസ്ബുക്ക് തുടങ്ങിയ സോഷ്യൽ മീഡിയ / ഡിജിറ്റൽ |

(..........2)

സംവിധാനങ്ങൾ മുഖേനയുള്ള പരസ്യങ്ങൾ തുടങ്ങി നൂതന പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്.

| | |
|---|---|
| ബി) കഴിഞ്ഞ സാമ്പത്തിക വർഷം എത്രകോടി രൂപയുടെ വരുമാനമാണ് ലക്ഷ്യമിട്ടിരുന്നതെന്ന് വിശദമാക്കുമോ ; | ബി) കഴിഞ്ഞ സാമ്പത്തിക വർഷം 23,000 കോടി രൂപയുടെ വരുമാനമാണ് ലക്ഷ്യമിട്ടിരുന്നത്. |
| സി) വരുമാന വർദ്ധനവിനായി ടൂറിസം മേഖലയുമായി ബന്ധപ്പെട്ടവർക്ക് എന്തെല്ലാം സഹായങ്ങളും പ്രോത്സാഹനങ്ങളുമാണ് നൽകാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ; | സി) യും ഡി) യും വരുമാന വർദ്ധനവിനായി ടൂറിസം മേഖലയിൽ സഹായങ്ങളും പ്രോത്സാഹനങ്ങളും നൽകുന്ന പദ്ധതികൾ പുതിയ ടൂറിസം നയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള നിക്ഷേപ സബ്സിഡി പദ്ധതിയിൽ മാറ്റം വരുത്തി ആകെ നിക്ഷേപത്തിന്റെ 15% വരെയും എന്നാൽ പരമാവധി 20 ലക്ഷം രൂപവരെ നൽകികൊണ്ട് ഉത്തരവാദിത്ത വിനോദസഞ്ചാര നിക്ഷേപകർക്ക് പുതിയ സബ്സിഡി പദ്ധതി രൂപീകരിക്കുന്നതും ഉത്തരവാദിത്ത വിനോദസഞ്ചാരത്തിന് കീഴിൽ ക്ലാസിഫിക്കേഷൻ ലഭിച്ചിട്ടുള്ള സംരംഭങ്ങൾക്ക് ആദ്യത്തെ അഞ്ച് വർഷത്തേയ്ക്ക് വ്യാവസായിക നിരക്കിൽ വൈദ്യുതി നൽകുന്നതും ആലോചിച്ചുവരുന്നു. |
| ഡി) ഇതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ; | |

ടൂർ ഓപ്പറേഷൻ, ഹോംസ്റ്റേ, സർവ്വീസ്ഡ് വില്ല, ആയുർവേദ മേഖലകളിലെ പുതിയ സംരംഭകത്വം എന്നീ സേവനദാതാക്കൾക്ക് വിപണന സഹായം നൽകാൻ ഉദ്ദേശിക്കുന്നു.

ദേശീയ അന്തർദേശീയ പ്രചാരണ പരിപാടികളിൽ പങ്കെടുക്കുന്ന സംരംഭകർക്ക് ആദ്യത്തെ മൂന്നു വർഷങ്ങളിലേക്ക് പ്രത്യേക ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള പദ്ധതിയും ആലോചനയിലുണ്ട്. കൂടാതെ ഹോംസ്റ്റേ സംവിധാനം പ്രോത്സാഹിപ്പിക്കുവാനായി റസിഡൻഷ്യൽ താരിഫ് നിരക്കിൽ ഹോംസ്റ്റേകൾക്ക് വൈദ്യുതിയും വെള്ളവും കെ.എസ്.ഇ.ബി., വാട്ടർ അതോറിറ്റി എന്നീ വകുപ്പുകളുമായി സഹകരിച്ച് ലഭ്യമാക്കാനും ആലോചനയുണ്ട്.

സെക്ഷൻ ഓഫീസർ